പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5038 — 28.10.2016 ലെ മറുപടിയ്ക്ക്

# കാർഷികവളർച്ചാ കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ പോലെ കാർഷിക വളർച്ചാ കേന്ദ്രങ്ങൾ പഞ്ചായത്തുകൾ തോറും നടപ്പിലാക്കാൻ നടപടികൾ ഉണ്ടാകുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) യന്ത്രവൽകൃത കൃഷി ഉപകരണങ്ങളും മികച്ച വിത്തുകളും കർഷകർക്ക് ലഭ്യമാക്കാനും കാർഷികോല്പന്നങ്ങൾ നല്ലവില നൽകി സംഭരിക്കാനും ശാശ്വതമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മികച്ച വിത്തുകൾ നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, നഴ്സറികൾ മുഖേന നൽകി വരുന്നു. കൂടാതെ വിവിധ പദ്ധതികളുടെ ഭാഗമായി സബ്സിഡിയോടു കൂടിയും വില്പനയ്ക്കുമായി കൃഷി ഭവനുകൾ മുഖേന നെല്ല്, പച്ചക്കറി വിത്തുകൾ നൽകി വരുന്നു.<br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ച വരുന്ന 65 ആഗ്രോ സർവ്വീസ് സെന്ററുകൾ, 200 കാർഷിക കർമ്മസേനകൾ മുഖേന വിവിധ കൃഷിപ്പണികൾ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് മിതമായ നിരക്കിൽ പരിശീലനം നേടിയ കർഷക തൊഴിലാളികൾ ചെയ്തു കൊടുക്കുന്നു. കൂടാതെ വിവിധ കാർഷിക വികസന പദ്ധതികളുടെ ഭാഗമായി സ്പ്രേയർ, ജലസേചന പമ്പ് സെറ്റ്, കൊയ്ത്ത്-മെതി യന്ത്രങ്ങൾ, ടില്ലർ, ട്രാക്ടർ, വീഡ് കട്ടർ മുതലായ കാർഷിക യന്ത്രോപകരണങ്ങളും സബ്സിഡി നിരക്കിൽ നല്കി വരുന്നു.<br>വിളകളുടെ അമിതോല്പാദനമോ മറ്റ് കാരണങ്ങളാലോ വിപണിയിൽ ഒരു കാർഷികോല്പാദനത്തിന് രൂക്ഷമായ വിലയിടിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ വിപണിയിൽ ഇടപെട്ട് ടി ഉല്പന്നസംഭരണത്തിലൂടെ വിലയിടിവ് തടയുന്നതിന് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. (VFPCK) ഉടങ്ങിയ സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തി ന്യായമായ വില നൽകി കർഷകരിൽ നിന്നും നേരിട്ട് ഇവ സംഭരിച്ച് പൊതു വിപണിയിൽ എത്തിക്കുന്നു. |

ഓണം, ക്രിസ്തുമസ്, റംസാൻ പോലുള്ള ഉത്സവ കാലങ്ങളിൽ പൊതു വിപണിയിൽ കാർഷികോല്പന്നങ്ങളുടെ അമിത വില നിരക്കുകൾ കുറയ്ക്കുവാനും കർഷകർക്ക് മതിയായ വില ലഭ്യമാക്കുവാനും ഇത്തരം വിപണിയിലിടപെടാൻ പദ്ധതി നടപ്പിലാക്കി വരുന്നു.

നാളീകേരത്തിന്റെ വിലയിടിവ് തടയുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കിലോയ്ക്ക് 25/- രൂപ നിരക്കിൽ കേരഫെഡ് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ നെല്ല് സംഭരണവും സംസ്ഥാനത്തുടനീളം ഊർജ്ജിതമായി നടത്തി വരുന്നു.

റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി റബ്ബറിന് കിലോയ്ക്ക് കുറഞ്ഞത് 150/- രൂപ ലഭിക്കത്തക്ക തരത്തിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണിയും പ്രാദേശികമായി സംഭരിക്കുന്ന കാർഷികോല്പന്നങ്ങൾ ലേലം നടത്തി മെച്ചപ്പെട്ട വില കർഷകർക്ക് ലഭ്യമാക്കി വരുന്നു.

കൂടാതെ വിപണി ആവശ്യകത പഠന വിധേയമാക്കി ഉല്പാദന പ്ലാൻ തയ്യാറാക്കുവാനും കർഷകരേയും വിപണനമേഖലകളേയും യോജിപ്പിച്ച് ഉല്പാദന വിപണനമേഖല ശക്തിപ്പെടുത്തുവാനും ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ